DESPATCHED On 28.12.21

3/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1187(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 10727/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 3**

ശ്രീ. വേണുഗോപാൽ ബി.,
സരസ്വതി വിലാസം,
പൊലിക്കോട്, വയയ്ക്കൽ പി.ഒ.,
കൊട്ടാരക്കര, കൊല്ലം – 691 532.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്,
ഉമ്മന്നൂർ പി.ഒ., കൊല്ലം – 691 520.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 20/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 –(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. വേണുഗോപാൽ ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയപരിധിക്കകം മറുപടി ലഭിച്ചിട്ടില്ലെന്നും രേഖകൾ പരിശോധിക്കാൻ അവസരം നൽകിയെങ്കിലും ആയതിനുള്ള തീയതി സമയം

അറിയിച്ചില്ലെന്നും മറുപടി നൽകുമ്പോൾ 69503/Cdn.5/2015/GAD നമ്പർ സർക്കുലറിൽ ഉത്തരവിൽ പറയും പ്രകാരമുള്ള വിവരങ്ങൾ കൂട്ടി ചേർത്ത് മറുപടി നൽകണമെന്ന് നിർദ്ദേശിക്കണമെന്നും, ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ഹർജിക്കാരനെ നേരിൽ കേൾക്കാതെയാണ് ഒന്നാം അപ്പീൽ തീർപ്പാക്കിയതെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് നൽകിയ മറുപടികൾ തൃപ്തികരമല്ലെന്നും ആയതിനാൽ ഇത്തരത്തിൽ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ യഥാർത്ഥ വിവരം ലഭ്യമാക്കാതിരിക്കുകയും ബോധപൂർവ്വം തെറ്റായ മറുപടി നൽകുകയും ചെയ്ത എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം 20(1) (2) വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും ബോധപൂർവ്വം തെറ്റായ വിവരങ്ങൾ നൽകിയതുമൂലം കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ടിയാനുണ്ടായ സാമ്പത്തിക നഷ്ടത്തിന് വകുപ്പ് 19(8)(ബി) പ്രകാരമുള്ള നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എതിർകക്ഷി ഓഫീസിൽ നിന്നും വിവരാവകാശ നിയമപ്രകാരം ലഭിച്ച 25.2.2021–ലെ എ6–1421/2021 നമ്പർ മറുപടിയിൽ രണ്ടാമത്തെ ചോദ്യത്തിന് റോഡ് വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ വീതിയിൽ വ്യത്യാസം വരുത്തിയതായി കാണുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ്.

a. ഏത് ഔദ്യോഗിക രേഖകളുടെ അടിസ്ഥാനത്തിലാണ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ ടി മറുപടി തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

b. പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡിന്റെ വീതിയിൽ വ്യത്യാസം വരുത്തിയതിന്റെ നിർവ്വഹണ ചുമതല ആർക്കായിരുന്നു എന്നും

c. നിർവ്വഹണ ചുമതല വഹിച്ച ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും ആ വിവരം പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ

സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 16 ഇനങ്ങളിലും നിരവധി ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.04.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 20.04.2021 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3, 4, 5, 6, 7, 9, 10, 11, 13, 15 എന്നീ ചോദ്യങ്ങൾക്ക് ലഭിച്ച വിവരം സംബന്ധിച്ച ആക്ഷേപമാണ് അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളതെന്നും ക്രമനമ്പർ 1 എ, ബി, സി ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളത് 25.2.2021-ൽ അപേക്ഷകന് വിവരാവകാശ നിയമപ്രകാരം ലഭിച്ച എ6-1421/2021 നമ്പർ മറുപടിയുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണെന്നും ടി ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്ന് കാണുന്നു എന്നും ക്രമനമ്പർ 3 എ, ബി, സി ചോദ്യങ്ങളിൽ അപേക്ഷകൻ തന്നെ ഗ്രാമപഞ്ചായത്തിൽ 26.11.2020, 6.1.2021, 9.2.2021 തീയതികളിൽ സമർപ്പിച്ച കത്തുകൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടതിന് പൂർണ്ണമായ വിവരം/മറുപടി നൽകിയിട്ടില്ലെന്നു കാണുന്നു എന്നും ടി പരാതികൾ സംബന്ധിച്ച് അപേക്ഷകൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് കൃത്യമായ വിവരം നൽകേണ്ടതാണെന്നും ക്രമനമ്പർ: 4എ ചോദ്യത്തിൽ ആവശ്യപ്പെട്ട സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ ഉദ്യോഗസ്ഥന്റെ പേര് നൽകേണ്ടതാണെന്നും 4ഡി ചോദ്യത്തിന് 4സി ചോദ്യത്തിൽ പരാമർശിക്കുന്ന പരിശോധനാ തീയതിയിലെ റിപ്പോർട്ടിന്റെ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്നും ക്രമനമ്പർ 5ബി ചോദ്യത്തിന് റിപ്പോർട്ട് തയ്യാറാക്കിയ തീയതി, സാഹചര്യം എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതാണെന്നും ക്രമനമ്പർ 6 ചോദ്യത്തിന്മേൽ രേഖകൾ ഫയൽ പരിശോധിച്ച് ബോധ്യപ്പെടാവുന്നതും ആവശ്യമായവയുടെ പകർപ്പുകൾ ശേഖരിക്കാവുന്നതുമാണെന്ന മറുപടിയാണ് നൽകിയതെന്നും രേഖകൾ പരിശോധിക്കുന്നതിന് ഹാജരാകേണ്ട തീയതി, സമയം എന്നിവ സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല എന്നും ആയതിനാൽ ടി ചോദ്യത്തിൽ ആവശ്യപ്പെട്ട പകർപ്പുകൾ അപേക്ഷകന് നൽകേണ്ടതാണെന്നും ക്രമനമ്പർ 7 ചോദ്യത്തിന് നൽകിയ മറുപടി തൃപ്തികരമാണെന്നും കാണുന്നുവെന്നും ക്രമനമ്പർ 9, 10, 11, 13, 15 ചോദ്യങ്ങൾക്ക് ലഭിച്ച മറുപടി ശരിയല്ലെന്നും, ആക്ഷേപം സാധൂകരിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഹിയറിംഗ് വേളയിൽ ഹാജരാക്കുന്നതാണെന്നും ശരിയായ മറുപടി ലഭ്യമാക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ അറിയിച്ചിട്ടുള്ളതെന്നും ആയതിനാൽ രേഖകൾ അപേക്ഷകൻ എസ്.പി.ഐ.ഒ. മുമ്പാകെ ഹാജരാക്കുന്നതിനും, ടി രേഖകൾ കൂടി പരിശോധിച്ച് ക്രമനമ്പർ 9, 10, 11,

13.15 എന്നീ ചോദ്യങ്ങൾക്ക് കൃത്യമായ വിവരം നൽകുന്നതിനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും മേൽ നിർദ്ദേശിച്ച പ്രകാരം 3, 4, 5, 6 എന്നീ ചോദ്യങ്ങൾക്ക് ഒന്നാം അപ്പീൽ തീർപ്പിനുശേഷം 7 ദിവസത്തിനകവും 9, 10, 11, 13, 15 എന്നീ ചോദ്യങ്ങൾക്ക് അപേക്ഷകൻ രേഖകൾ ഹാജരാക്കി 15 ദിവസത്തിനകവും വിവരങ്ങൾ/പകർപ്പുകൾ/മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കേണ്ട വിവരങ്ങൾ എസ്.പി.ഐ.ഒ. ക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ കൂടി പരിശോധിച്ച് ഒന്നാം അപ്പീൽ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള വിവരങ്ങൾ സമയബന്ധിതമായി അപേക്ഷകന് നൽകുന്നതിന് രണ്ടാം എതിർകക്ഷി കാര്യാലയത്തിൽ നിന്നും 2.7.2021-ലെ ADP-KLM/324/2021-PA4 നമ്പർ കത്ത് പ്രകാരം എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ സമർപ്പിച്ച രേഖകൾ കൂടി പരിശോധിച്ച് ഉത്തരവിലെ നിർദ്ദേശപ്രകാരം മറുപടി നൽകിയതായി 4.10.2021-ലെ A6-2562/2021 നമ്പർ കത്തുപ്രകാരം ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

5. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 3, 4, 5, 6 ചോദ്യങ്ങൾക്കുള്ള മറുപടി 07.06.2021-ന് എ6-2562/2020 നമ്പർ കത്ത് പ്രകാരവും 9, 10, 11, 13, 15 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി 4.7.2021-ന് എ6-2562 നമ്പർ പ്രകാരവും നൽകിയിട്ടുണ്ടെന്നുമാണ്

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 8.3.2021-ന് സമർപ്പിച്ച 16 ഇനങ്ങൾ അടങ്ങിയ വിവരാവകാശ അപേക്ഷയിലെ 1, 2(എ), 3(എ), (ബി), (സി), 4(ബി), (സി), (ഡി), 5, (എ), (ബി), 6, 7, 10, 11, 13 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിൽ ഒന്നാം അപ്പീലിന് ശേഷവും ശരിയായ മറുപടി ലഭിച്ചിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 9.6.2020-ൽ ഹർജിക്കാരൻ നൽകിയ അപേക്ഷയിൽ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഹർജിക്കാരൻ 8-ഓളം വിവരാവകാശ അപേക്ഷകൾ നൽകിയിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. സാങ്കൽപ്പിക ചോദ്യങ്ങൾ,

രേഖകളുടെ വിശദീകരണം, വ്യാഖ്യാനം സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. മറ്റ് ദൈനംദിന ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് ആ നിലയിലുള്ള അവരുടെ ചുമതലകളും അവർ നിർവ്വഹിക്കേണ്ടത് എന്നതിനാൽ പൊതുജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന എതിർകക്ഷി സ്ഥാപനം പോലുള്ള സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ ബാധിക്കാത്ത തരത്തിൽ വേണം എസ്.പി.ഐ.ഒ.മാർ പ്രവർത്തിക്കേണ്ടത്. ഭരണപരമായി നടപടി സ്വീകരിച്ച് ലഭിക്കുന്നതിനായുള്ള ഉദ്ദേശത്തോടെ ഹർജിക്കാരൻ നൽകിയ ബൃഹത്തായ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. മാത്രമല്ല ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം അപ്പീൽ അപേക്ഷയിൽ ചൂണ്ടിക്കാണിച്ച വീഴ്ചകൾ മന:പൂർവ്വമായിരുന്നില്ല എന്നും എതിർകക്ഷി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത വിവരങ്ങൾ ഓഫീസിൽ നേരിട്ട് എത്തി രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് ആവശ്യമായ പകർപ്പുകൾ ശേഖരിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ മറുപടി സദുദ്ദേശത്തോടെയായിരുന്നു എന്ന് കണക്കിലെടുത്താൽ ടി മറുപടിയിൽ അപാകതയുള്ളതായി കാണുവാനും കഴിയില്ല.

7. എന്നാൽ ടി മറുപടിയിൽ 30.3.2016-ലെ 69503/Cdn.5/2015/GAD നമ്പർ സർക്കുലറിലെ നിബന്ധനകൾ കണക്കിലെടുക്കാതെ രേഖകൾ പരിശോധിക്കുന്നതിന് തീയതിയും സമയവും അറിയിക്കാതെയും പകർപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പകർപ്പ് ഫീ നിശ്ചയിച്ച് അറിയിക്കാതിരുന്നതും പകർപ്പുകൾ സാക്ഷ്യപ്പെടുത്താതെ നൽകിയതും മറ്റും ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. ആയതിനാൽ അത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്നും ഹർജിക്കാരന്റെ അപേക്ഷയിൻമേൽ നൽകിയ മറുപടിയിലുള്ള ആക്ഷേപം തീർക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് മുൻകൂട്ടി നിശ്ചയിച്ചുള്ള തീയതിയും സമയവും ഹർജിക്കാരനെ നേരിട്ട് അറിയിച്ച് ടിയാന്റെ എല്ലാ ആക്ഷേപവും ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം പരിഹരിക്കുന്നതിന് ഒന്നാം എതിർകക്ഷി നടപടി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം ഡിസംബർ 3-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us